# കശ്മീരിന്റെ ഹൃദയവും മനസ്സും കവർന്നെടുക്കാൻ

2010-08-09



കശ്മീർ ഒരു ദുരന്തഭൂമിയായി മാറുകയാണ്. ഇതിന് ഒരുപക്ഷെ കാരണം, ആ സംസ്ഥാനത്തു നിലനിൽക്കുന്ന ഒട്ടേറെ പ്രത്യേകതകളാകാം. ഈ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ട് ഫലപ്രദമായ നേതൃത്വം നൽകി ജനങ്ങളെയും നാടിനെയും സമാധാനത്തിലേക്കും സമൃദ്ധിയിലേയ്ക്കും നയിക്കുവാന് കെൽപുള്ള ഒരു രാഷ്ട്രീയ നേതൃത്വത്തിന്റെ അഭാവമാണ് ഇന്നു കശ്മീരിന്റെ ഏറ്റവും വലിയ ശാപം.

ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തിനുമില്ലാത്ത നിരവധി പ്രത്യേകതകളുണ്ട് കശ്മീരിന്. ഭരണഘടന കശ്മീരിനു പ്രത്യേക സ്റ്റാറ്റസ് നൽകിയിട്ടുണ്ട്. കശ്മീർ ചരിത്രപരമായ കാരണങ്ങളാൽ വിഭജിക്കപ്പെട്ടിരിക്കുന്നു. കശ്മീരിന്റെ നടുവിലൂടെ കടന്നുപോകുന്ന ''ലൈൻ ഓഫ് ആക്ചൽ കൺട്രോൾ'' ഇന്നു ഫലത്തിൽ അവിടത്തെ ഇന്ത്യ-പാകിസ്ഥാൻ അതിർത്തിയാണ്. അതുകൊണ്ട് തന്നെ സംഘർഷാത്മകമായ ആ അതിർത്തി സംരക്ഷണത്തിന് അതിർത്തിസേനയുടെയും സന്നാഹത്തിന്റെയും നിതാന്ത സാന്നിദ്ധ്യം ഏർപ്പെടുത്തപ്പെടുന്നത്.

ഹിമാലയൻ താഴ്‌വരയിലെ ഈ മഞ്ഞുമൂടിയ ഉന്നത ഭൂമിയിലൂടെ ഇന്ത്യയിലേക്കു നുഴഞ്ഞുകയറി കലാപം സൃഷ്ടിക്കാൻ ശ്രമിക്കുന്ന നിരവധി ചാവേറുകൾ, പാക്ക് ചരന്മാർ, ഭീകരർ തുടങ്ങിയവർ സൃഷ്ടിക്കുന്ന സംഘർഷം. അവർക്ക് ഒളിഞ്ഞും തെളിഞ്ഞും പാക്ക് സൈന്യവും ഐ എസ് ഐ എന്ന പാക് ചാരസംഘവും നൽകുന്ന പിന്തുണ. വളരുന്ന താലിബാൻ ഭീഷണി. ഇതിനും പുറമെയാണ് കശ്മീരിലെ മുസ്ലിം തീവ്രവാദസംഘടനകൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ. പാകിസ്ഥാനോടു ചേരണം എന്നു പ്രചരണം നടത്തുന്നവർ, ഹിന്ദു ഇന്ത്യയിൽ നിന്നു മോചനം പ്രാപിക്കണമെന്ന് ആഹ്വാനം ചെയ്യുന്നു. കശ്മീർ സ്വതന്ത്രമായി നിൽക്കണമെന്നു വാദിക്കുന്നവർ മറ്റൊരു കൂട്ടർ.

ഇതൊക്കെ സൃഷ്ടിക്കുന്ന സംഘർഷാത്മകമായ ഒരന്തരീക്ഷം അനാരോഗ്യകരമായ നിരവധി പ്രവണതകൾക്ക് വഴിവയ്ക്കുന്നു. ഈ അന്തരീക്ഷം നുഴഞ്ഞുകയറ്റത്തിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുന്നു. ഏത് കാരണവും ഏതസ്വസ്ഥതയും മുതലാക്കി ഇന്ത്യാ വിരുദ്ധ പ്രചരണം ശക്തിയാർജിക്കുന്നു. സങ്കുചിത ഇസ്ലാമിക തീവ്രവാദ രാഷ്ട്രീയം വളരുന്നതിന് ഈ സാഹചര്യം സഹായകമാകുന്നു.

ഈ പ്രത്യേകതകളൊക്കെ നിലനിൽക്കുമ്പോഴും കശ്മീർ ജനത ജനാധിപത്യത്തിന്റെയും മതനിരപേക്ഷത യുടെയും രാഷ്ട്ര പുരോഗതിയുടെയും ഭാഗത്തുറച്ചു നിൽക്കുന്നു എന്ന വസ്തുത കാണാതിരിക്കരുത്.

കഴിഞ്ഞ തിരഞ്ഞെടുപ്പിൽ 60 ശതമാനത്തിലേറെ കശ്മീരികൾ പോളിംഗ് ബൂത്തിൽ പോയി വോട്ടു രേഖപ്പെടുത്തി എന്നത് ഒരു വലിയ കാര്യമാണ്. തിരഞ്ഞെടുപ്പ് ബഹിഷ്കരിക്കുവാന് ആഹ്വാനമുണ്ടായിരുന്നു. വോട്ടു ചെയ്യാൻ പോകരുത്, പോയാൽ കൊല്ലും എന്ന ഭീഷണിയുണ്ടായിരുന്നു. ഈ 60 ശതമാനം വോട്ടു വഴി കശ്മീരികൾ രണ്ടുകാര്യം വ്യക്തമാക്കി. ഒന്ന്, അവർ ഇന്ത്യയുടെ കൂടെയാണ്. രണ്ട്, അവർ ജനാധിപത്യത്തിന്റെ ഭാഗത്താണ്. അവർക്ക് വേണ്ടത് വികസനവും പുരോഗതിയുമാണ്.

ഈ വെല്ലുവിളികളെ അതിജീവിച്ചുകൊണ്ടാണ് കാശ്മീരികൾ പോളിംഗ് ബൂത്തിലേക്കു മാർച്ച് ചെയ്തതും വോട്ടു ചെയ്തതും. കോൺഗ്രസ്, കാശ്മീർ നാഷണൽ കോൺഫറൻസ്, പി ഡി പി എന്നീ ജനാധിപത്യ-മതനിരപേക്ഷ കക്ഷികൾക്കാണ് തിരഞ്ഞെടുപ്പിൽ മഹാഭൂരിപക്ഷം സീറ്റുകളും ലഭിച്ചത്.

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളോടൊപ്പം പുരോഗതിയിലേക്ക് മുന്നേറുവാനുള്ള അദമ്യമായ ആഗ്രഹമാണ് ഒരു ജനത എന്ന നിലയിൽ കശ്മീരികൾ ആ തിരഞ്ഞെടുപ്പിലൂടെ പ്രകടിപ്പിച്ചത്.

ഇതിനുപുറമെ മറ്റു ചില കാര്യങ്ങളും ഈ സന്ദർഭത്തിൽ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ഹിന്ദുക്കളുടെ ഏറ്റവും വലിയ തീർഥയാത്രയായ അമർനാഥ് യാത്ര കശ്മീരിലൂടെയാണ് നടക്കുന്നത്.

ഈ തീർത്ഥാടനത്തിന് ഇതുവരെ ഒരു ഭംഗവും വന്നിട്ടില്ല എന്നതു ശ്രദ്ധേയമാണ്. മാത്രമല്ല ഈ തീർത്ഥാടനത്തിനുള്ള സര്വ ഒരുക്കങ്ങളും നടത്തുന്നത് കാശ്മീരിലെ മുസ്ലീങ്ങളാണ്. ഈ തീർത്ഥാടനം തങ്ങളുടെ ജീവിതത്തിന്റെയും സംസ്കാരത്തിന്റെയും ഒരു അവിഭാജ്യ ഘടകമായി കണക്കാക്കുന്നവരാണ് കശ്മീരിലെ മുസ്ലീങ്ങൾ.

ജമ്മു കശ്മീരിൽ നിന്ന് പാകിസ്ഥാന് അധീനതയിലുള്ള കശ്മീരിലേയ്ക്ക് ഇന്ത്യ-പാക് ധാരണയുടെ അടിസ്ഥാനത്തിൽ പരസ്പര വിശ്വാസം വർധിപ്പിക്കുന്ന നടപടികളുടെ ഭാഗമായി, റോഡു യാത്രയ്ക്കും അതിർത്തിക്കച്ചവടത്തിനും സൗകര്യമൊരുക്കിയപ്പോൾ

എത്ര സന്തോഷത്തോടെയും വികാരവായ്പ്പോടെയു മാണ് രണ്ടു ഭാഗത്തേയും കശ്മീരികൾ ആ മഹത്തായ സംരംഭത്തിൽ പങ്കാളികളായത്!

ദശാബ്ദങ്ങളായി കാണാൻ കാത്തിരുന്ന ബന്ധുക്കളും അയൽക്കാരും പഴയകൂട്ടുകാരുമൊക്കെ ഒത്തുചേർന്ന് അന്ന് ആ അതിർത്തിയിൽ സൃഷ്ടിച്ച രംഗങ്ങൾ എത്ര സൗഹൃദപൂർണ്ണമായിരുന്നു, ഹൃദ്യമായിരുന്നു. ഈ സൗഹൃദത്തിന്റെയും മാനവികതയുടെയും അന്തരീക്ഷം നിലനിർത്താൻ കഴിഞ്ഞിരുന്നെങ്കിൽ കശ്മീരിലെ സ്ഥിതി വ്യത്യസ്തമാകുമായിരുന്നു.

ഇവിടെയാണ് പ്രശ്നങ്ങൾ തുടങ്ങുന്നത്. ഈ സൗഹൃദാന്തരീക്ഷം തകർക്കണമെന്നാഗ്രഹിക്കുന്ന പാകിസ്ഥാനിലെ പട്ടാള–ഐ എസ് ഐ കേന്ദ്രങ്ങളുടെ പ്രവർത്തനം, അവർ നയിക്കുന്ന നുഴഞ്ഞുകയറ്റവും ഭീകരതയും, ഇതിൽ സാമ്രാജ്യത്വ ശക്തികളുടെ താൽപര്യങ്ങൾ. ഇവരുമായി സഹകരിക്കാന് തയ്യാറുള്ള കശ്മീരിലെ സങ്കുചിത തീവ്രവാദശക്തികൾ.

ഈ വെല്ലുവിളിയെ നേരിട്ട്, കാശ്മീർ ജനതയുടെ ആഗ്രഹാഭിലാഷത്തിന് ഫലപ്രദമായി രൂപം നൽകണമെങ്കിൽ കശ്മീരിലെ ജനാധിപത്യ–മതനിരപേക്ഷ–പുരോഗമന ശക്തികൾ ഒരുമിച്ചു നിന്നേ മതിയാകൂ. ആ യോജിപ്പിന്റെ അടിസ്ഥാനത്തിൽ, ജനഹിതമനുസരിച്ച് രാഷ്ട്രീയ ഇച്ഛാശക്തിയോടെ, കശ്മീരിന്റെ ഭരണത്തിന് ലക്ഷ്യബോധ ത്തോടെ ഫലപ്രദമായി നേതൃത്വം കൊടുക്കാൻ കഴിയുന്ന യോജിപ്പിന്റെ അഭാവമാണ് ഇന്നത്തെ കശ്മീരിന്റെ ദുരന്തത്തിനു കാരണം.

തിരഞ്ഞെടുപ്പു കഴിഞ്ഞ് കോൺഗ്രസ്– കാശ്മീർ നാഷണൽ കോൺഫറൻസ് മുന്നണി ഭരണം ഏറ്റെടുത്തു. ഒമർ അബ്ദുള്ള മുഖ്യമന്ത്രിയായി. പ്രതിപക്ഷത്തു പ്രവർത്തന നേതൃത്വം ഏറ്റെടുത്തു മുഫ്തി മുഹമ്മദിന്റെ നേതൃത്വത്തിലുള്ള പി ഡി പി, പലപ്പോഴും തീവ്രവാദത്തിന്റെ വക്കോളമെത്തിനിൽക്കുന്ന ഒരു രാഷ്ട്രീയമാണ് അവിടെ നടപ്പിലാക്കുന്നത്. അധികാരം നഷ്ടപ്പെട്ടതിന്റെ പ്രതികാരമാകാമതിനു കാരണം. ഇതു മുതലാക്കുന്നു പ്രതിലോമകാരികളും, ഇന്ത്യാ വിരുദ്ധരും.

ഒമർ അബ്ദുള്ളയുടെ സർക്കാർ പ്രതീക്ഷയ്ക്കൊത്തുയർന്ന് പ്രവൃത്തിക്കുന്നില്ല എന്നാണ് പൊതുവേ കരുതപ്പെടുന്നത്. ദുർബലമായൊരു ഭരണം. കശ്മീരിന്റെ വികസന സ്വപ്നങ്ങൾ നിരവധിയാണ്. അവ പൂവണിയുന്നില്ല എന്ന തോന്നൽ സൃഷ്ടിച്ചു ഈ പുതിയ ഭരണം.

പ്രതിഷേധക്കാർ തീർച്ചയായും ഉത്തരവാദിത്വമില്ലാത്ത പ്രവൃത്തികൾ ചെയ്യുന്നുണ്ട്. പക്ഷെ അവരെ വെടിവച്ചു കൊന്നുകൊണ്ട് പരിഹാരം കാണാൻ കഴിയില്ല. പ്രതിഷേധത്തിന്റെ കാരണങ്ങൾ കണ്ടുപിടിച്ച് അവക്കു പരിഹാരം കണ്ടുകൊണ്ട് പ്രശ്നങ്ങളെ നേരിടുവാനുള്ള കഴിവ് ഭരണാധികാരികൾ പ്രകടിപ്പിക്കുന്നില്ല.

കൂടുതൽ പട്ടാളത്തെയും സെക്യൂരിറ്റി ഫോഴ്സിനെയും കശ്മീരിലേക്കയക്കുകയല്ല പരിഹാരമാർഗം. കാശ്മീർ ജനതയുടെ മനസും ഹൃദയവും നമുക്ക് കവർന്നെടുക്കാൻ കഴിയണം. അടിച്ചമർത്തലല്ല വേണ്ടത്.

ദശാബ്ദങ്ങൾക്ക് മുമ്പ് കശ്മീർ പ്രശ്നം സംബന്ധിച്ച് പാർലമെന്റിൽ സംസാരിക്കുമ്പോൾ കമ്മ്യൂണിസ്റ്റ് നേതാവ് ഇന്ദ്രജിത് ഗുപ്ത പറയുകയുണ്ടായി, പട്ടാളത്തെയും സെക്യൂരിറ്റി ഫോഴ്സിനെയും പൊലീസിനെയും ഉപയോഗിച്ച് കശ്മീരികളെ അടിച്ചമർത്താൻകഴിഞ്ഞേക്കും. പക്ഷെ അതു വിജയത്തിലേയ്ക്കു നയിക്കില്ല. കശ്മീരിൽ നമുക്കു വിജയിക്കാൻ കഴിയണമെങ്കിൽ കാശ്മീരിന്റെ ഹൃദയവും മനസ്സും കവർന്നെടുക്കാൻ നമുക്കു കഴിയണം.

കശ്മീർ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് കേന്ദ്ര ആഭ്യന്തരമന്ത്രി ചിദംബരം കഴിഞ്ഞയാഴ്ചയിൽ ഏതാണ്ട് അതേ വാചകങ്ങളാണ് പറഞ്ഞത്. ഉദ്ദേശങ്ങൾ അതു തന്നെയാണോ എന്നറിയില്ല.


ഒമർ അബ്ദുള്ള


മുഫ്തി മുഹമ്മദ്


ഇന്ദ്രജിത് ഗുപ്ത


ചിദംബരം

കശ്മീരിലെ ജനങ്ങൾ ആഗ്രഹിക്കുന്ന വിധത്തിൽ അവർക്ക് സാമ്പത്തിക–സാമൂഹിക രംഗങ്ങളിൽ വലിയ പുരോഗതി ഉറപ്പുവരുത്തുന്നതിനുള്ള പ്രായോഗിക നടപടികൾ അടിയന്തിരമായി സ്വീകരിക്കണം. കൃഷി, ജലസേചനം, വൈദ്യുതി, റോഡ്–റയിൽ യാത്രാസൗകര്യങ്ങളും വിദ്യാഭ്യാസം, വ്യവസായം പ്രത്യേകിച്ച് ടൂറിസം മേഖലകളിൽ അതിവേഗം പുരോഗതി കൈവരിക്കണം. പ്രാദേശിക ജനാധിപത്യ സ്ഥാപനങ്ങൾ പ്രവർത്തനക്ഷമമാക്കി ജനകീയ പങ്കാളിത്തത്തോടെ വികസനം കാര്യക്ഷമമാക്കണം. കേന്ദ്രം ഒരുപാടു പണം കശ്മീരിനുവേണ്ടി ചെലവാക്കുന്നുണ്ട്. എന്നാൽ അതൊക്കെ ഏത്തേണ്ടടുത്ത് എത്തി എന്നതിന്നുറപ്പില്ല; ആ സ്ഥിതി മാറണം. ഇതൊക്കെ ഫലപ്രദമായി നടക്കണമെങ്കിൽ കേന്ദ്രസർക്കാർ രാഷ്ട്രീയ ഇച്ഛാശക്തിയോടെ പ്രവർത്തിക്കണം. സംസ്ഥാനത്ത് ഈ പുതിയ നയത്തോട് ഫലപ്രദമായി പ്രതികരിക്കുവാന് കഴിയുന്ന ജനകീയാടിത്തറയുള്ള ഒരു സർക്കാർ ഉണ്ടായേ മതിയാകൂ. ഇന്നതുണ്ടെന്നു പറയാൻ കഴിയില്ല.

പ്രതിപക്ഷം കുറെക്കൂടി ഉത്തരവാദിത്വവും ക്ഷമയും കാണിച്ചേ മതിയാകൂ. പിന്തിരിപ്പൻ, തീവ്രവാദശക്തികളെയും മതമൗലികശക്തികളെയും ഒറ്റപ്പെടുത്തുന്നതിന് ജനാധിപത്യ, മതനിര പേക്ഷ, പുരോഗമന ശക്തികളുടെ ഐക്യം അനിവാര്യമാണ്.

ഇതോടൊപ്പം ഇന്ത്യ–പാക് ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രായോഗിക നടപടികളും.

ഇവയൊക്കെ ഒരുമിച്ചു നടത്താൻ സാധിച്ചാലേ കശ്മീർ പ്രശ്നത്തിന് ഫലപ്രദമായ പരിഹാരം കാണാൻ കഴിയൂ. അതുവഴി കശ്മീരിന്റെ മനസ്സും ഹൃദയവും ഇന്ത്യയോടൊപ്പം കൊണ്ടുവരാൻ കഴിയുകയുള്ളു.